LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ ആദിവാസികൾക്ക് ഭൂമി

120 [1806] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ഭൂമി വിതരണം ചെയ്യാൻ എന്തെങ്കിലും നിയമതടസ്സങ്ങൾ ഉണ്ടോ; എങ്കിൽ തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ആദിവാസി കുടുംബങ്ങൾക്ക് ഇതുവരെ ഭൂമി വിതരണം ചെയ്തിട്ടില്ല.

(ബി ആന്റ് സി) ഉണ്ട്. ചർച്ചകൾ നടന്നുവരുന്നു. അന്തിമതീരുമാനമായിട്ടില്ല.

പേരാമ്പ്ര മണ്ഡലത്തിൽ ആദിവാസികൾക്ക് നൽകിയ ഭൂമി

121 [1807] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ആദിവാസികൾക്ക് എത്ര ഏക്കർ സ്ഥലം പതിച്ചുനൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോരുത്തർക്കും നൽകിയ ഭൂമിയുടെ അളവും വ്യക്തികളുടെ പേരും അറിയിക്കാമോ;

(സി) പതിച്ചു നൽകിയ ഭൂമി ആരിൽ നിന്നാണ് ഏറ്റെടുത്തത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഏറ്റെടുത്ത ഭൂമി ആദിവാസികൾക്ക് നൽകാൻ ബാക്കിയുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇത് നൽകാത്തത് എന്താണെന്ന് അറിയിക്കാമോ?